**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5806** **08-11-2021 - ൽ മറുപടിയ്ക്ക്**

**പാറമടകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീമതി കെ.കെ.രമ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളും കൂടി വരുന്ന സാഹചര്യത്തിൽ പാറമടകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന്റെ 23(1) വകുപ്പ് അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള സംസ്ഥാന ദുരന്ത നിവാരണ പദ്ധതി 2016 ന്റെ (State Disaster Management Plan, 2016) ചാപ്റ്റർ 3.21.1 പ്രകാരം അതിതീവ്ര ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ/ പാറനിരങ്ങൽ സാധ്യതാമേഖലയായി (Landslide Susceptibility-High Hazard Zone) നിർണ്ണയിച്ചിട്ടുള്ള പ്രദേശങ്ങളിൽ വെടിമരുന്ന് ഉപയോഗിച്ചുള്ള പാറ ഖനനം നിരോധിക്കണമെന്ന് ദുരന്ത നിവാരണ നിയമം 2005 ന്റെ 22(2)(b) വകുപ്പ് അനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി റെഡ് സോണായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഖനനത്തിനുള്ള അനുമതി നൽകുന്നില്ല. |
| (ബി) | ക്വാറികൾ പൊതു ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ കൊണ്ടുവരണമെന്ന നിയമസഭ പരിസ്ഥിതി സമിതിയുടെ ശിപാർശകളിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ; | (ബി) | ക്വാറി ലൈസൻസ് ഒരു വ്യക്തിക്ക് അനുവദിക്കുന്നതിന് പകരം ക്വാറികൾ പൊതുടമസ്ഥതയിൽ/ സർക്കാർ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരികയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് നിയമസഭ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ ടി ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ഇരുന്നൂറ് മീറ്ററായി കൂട്ടണമെന്ന് നിയമസഭ പരിസ്ഥിതി സമിതി സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ക്വാറികളും ജനവാസ കേന്ദ്രവുമായുള്ള ദൂരപരിധി 200 മീറ്ററായി വർദ്ധിപ്പിക്കണമെന്ന് നിയമസഭ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ ടി ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ